"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ എൽഎ.82/83 പ്രകാരം ശ്രീ.ഭാസ്കരൻ നമ്പ്യാരുടെ പേരിൽ പതിവുത്തരവ് നൽകിയ, കൊളത്തൂർ വില്ലേജിൽ റീ.സ 45/1എ31-ൽപ്പെട്ട 2 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം, 1964 - ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 9(7) പ്രകാരം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.1420/2026/RD തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:- 1. ശ്രീ. ടി. ഭാസ്കരൻ നമ്പ്യാർ സമർപ്പിച്ച 04.06.2025 തീയതിയിലെ അപേക്ഷ

2. കാസർഗോഡ് ജില്ലാ കളക്ടറുടെ 19.06.2025 തീയതിയിലെ DCKSGD/2512/2023-C3 നമ്പർ കത്ത്.

3. ലാന്റ് റവന്യൂ കമ്മീഷണറുടെ 17.07.2025 തീയതിയിലെ LR/6831/2025-LR (J10) നമ്പർ കത്ത്.

**ഉത്തരവ്**

വിമുക്തഭടനായ ശ്രീ.ടി.ഭാസ്കരൻ നമ്പ്യാർ എന്ന കക്ഷിക്ക് എൽഎ.82/83 പ്രകാരം കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിൽ റീ.സ 45/1എ31 ൽപെട്ട 2 ഏക്കർ ഭൂമിക്ക് പതിവ് ഉത്തരവ് അനുവദിച്ചിരുന്നു. പതിവ് ഉത്തരവ് നൽകിയ സമയത്ത് പതിവ് കക്ഷി വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ബോർഡർ സെക്യൂരിറ്റി ഫോഴ്സിൽ ജോലി ചെയ്തുകൊണ്ടിരുന്നതിനാൽ ഭൂമി പതിവ് ഉത്തരവ് കൈപ്പറ്റാൻ സാധിച്ചിട്ടില്ലായെന്നും ഉത്തരവ് കൈപ്പറ്റിയവർ ടിയാനെ അറിയിച്ചിട്ടില്ലെന്നും പതിവ് ഉത്തരവ് പ്രകാരമുള്ള തുക അടയ്ക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കി ടി തുക ഒടുക്കുന്നതിനും, പട്ടയം അനുവദിച്ചും ഉത്തരവുണ്ടാകണമെന്നും അഭ്യർത്ഥിച്ച് ശ്രീ.ടി.ഭാസ്കരൻ നമ്പ്യാർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) പതിവ് കക്ഷിയായ ശ്രീ.ഭാസ്കരൻ നമ്പ്യാർ വിമുക്തഭടനാണെന്നും അതിർത്തി രക്ഷാ സേനയിൽ (BSF) ജോലി ചെയ്തുവരുന്ന സമയത്ത് സേവനം ചെയ്യുന്ന പട്ടാളക്കാരുടെ ക്ഷേമത്തിനായി ഭൂമി പതിച്ചു കൊടുക്കുന്ന പദ്ധതി പ്രകാരം ഭൂമിക്കായി അപേക്ഷിച്ചിട്ടുള്ളതും, ആയത് പരിഗണിച്ച് സ്പെഷ്യൽ തഹസിൽദാർ എൽ.എ-82/83/കൊളത്തൂർ നമ്പർ ഓർഡർ ഓഫ് അസൈൻമെന്റ് നൽകിയിട്ടുള്ളതാണെന്നും പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാകളക്ടറും പരാമർശം (3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) കൊളത്തൂർ വില്ലജിലെ സർവെ 45/1എ31 ൽ പ്പെട്ട 2 ഏക്കർ വസ്തു പതിച്ച

നൽകുന്നതിനായി 423.50 രൂപ ഒടുക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും പതിവ് ഉത്തരവ് പ്രകാരമുള്ള തുക ഒടുക്കുന്നതിന് വന്ന നാളിതുവരെയുള്ള കാലതാമസം 41 വർഷമാണെന്നും ടി കാലയളവിൽ അപേക്ഷകൻ ഇന്ത്യയുടെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ BSF ൽ ജോലി ചെയ്തു വന്നതിനാൽ യഥാസമയം പതിവ് തുക ഒടുക്കുവാൻ സാധിച്ചില്ലെന്ന് മൊഴി നൽകിയിട്ടുള്ളതാണെന്നും കൂടാതെ, വീട്ടിൽ നിന്നും ഉത്തരവ് കൈപ്പറ്റിയവർ ടി വിവരം കക്ഷിയെ അറിയിക്കുകയോ തുക ഒടുക്കുകയോ ചെയ്തില്ലെന്ന് ബോധിപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപേക്ഷകന്റെ പേരിൽ മാത്രമായി ഭൂമിയില്ലെന്നും, ടിയാനും കുടുംബാംഗങ്ങളായ അമ്മ, സഹോദരൻ, രണ്ട് സഹോദരിമാർ എന്നിവരുടെ കൂട്ടായ അവകാശത്തിൽ പട്ടുവം വില്ലേജിൽ രണ്ട് ഏക്കർ ഭൂമിയുണ്ടെന്നുമാണ് തളിപ്പറമ്പ് താലൂക്ക് തഹസിൽദാർ 29/12/80 ന് സർട്ടിഫൈ ചെയ്തിട്ടുള്ളത്. പതിവ് ഫയലിലെ പ്രൊഫോർമ റിപ്പോർട്ട് പ്രകാരം പ്രസ്തുത വസ്തു കാർഷികകാവശ്യത്തിനാണ് ശിപാർശ ചെയ്തിട്ടുള്ളത്.

4) അതിർത്തി സുരക്ഷസേനാ ഉദ്യോഗസ്ഥനായിരുന്ന അപേക്ഷകന് യഥാസമയം പതിവ് ഉത്തരവ് നേരിട്ട് കൈപ്പറ്റാനാവാത്ത സാഹചര്യത്തിലാണ് പതിവ് തുക ഒടുക്കുന്നതിൽ കാലതാമസം വന്നത് എന്ന് കാണുന്നതിനാൽ കക്ഷിയുടെ അപേക്ഷ 1964-ലെ കേരളഭൂമി പതിവ് ചട്ടങ്ങളിലെ, ചട്ടം 9(7) പ്രകാരം പരിഗണിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ എൽഎ.82/83 പ്രകാരം ശ്രീ.ഭാസ്കരൻ നമ്പ്യാരുടെ പേരിൽ പതിവുത്തരവ് നൽകിയ, കൊളത്തൂർ വില്ലേജിൽ റീ.സ 45/1എ31 ൽപെട്ട 2 ഏക്കർ ഭൂമിയുടെ പതിവ് തുക ഒടുക്കുന്നതിൽ വന്ന കാലതാമസം, 1964 - ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 9(7) പ്രകാരം മാപ്പാക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കാലതാമസം മാപ്പാക്കി നൽകുന്ന ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം മുഴുവൻ കുടിശ്ശികയും ഭൂമി വിലയുടെ 12% ഉം ഒറ്റത്തവണയായി അടയ്ക്കേണ്ടതാണ്.

6) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്, കേരള, തിരുവനന്തപുരം.
തഹസിൽദാർ, കാസർഗോഡ്
ശ്രീ.ഭാസ്കരൻ നമ്പ്യാർ, S/o, വി.സി. രാമൻ നമ്പ്യാർ (L), തൊണ്ടന്നൂർ, പരിയാരം പി.ഒ., കണ്ണൂർ - 670 502
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Kumari Sindhu S
Date: 25-07-2026
17:30:50

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്